## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4167**

**25.06.2014** ൽ മറുപടിക്ക്

### അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാജേഷ്** | | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)** |
| (എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കുന്നം-കൊല്ല കടവ് റോഡിന് സമീപം അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രസ്തുത പണിക്ക് 12.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സിംഗിൾ ബെനിഫിഷറി ആയതിനാൽ പബ്ലിക് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാത്തതുകൊണ്ട് സാമ്പത്തികാനുമതി നൽകാൻ കഴിയുമായിരുന്നില്ല. |
| (ബി) പ്രസ്തുത ഭാഗത്ത് അച്ചൻകോവിലാറിന്റെ തീരം ഇടിയുന്നതിനാൽ കല്ലിവേൽ, കുറ്റിയിൽ വടക്കതിൽ മോഹനന്റെ വീട് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | | പബ്ലിക് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ സർക്കാരിന്റെ ഫണ്ട് ചിലവഴിക്കുന്നതിന് നിയമം അനുശാസിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ